**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6323** **10-11-2021 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് സാഹസിക പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാഹസിക ടൂറിസം വളരുന്നതോടൊപ്പം വിനോദ സഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുക എന്നതാണ്. സാഹസിക വിനോദസഞ്ചാരമേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി സമഗ്രമായ ഒരു"സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസ്" തയ്യാറായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടെന്റ് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഈ ഗൈഡ് ലൈൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. |
| (ബി) | സാഹസിക ടൂറിസത്തിന് രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് രജിസ്ട്രേഷൻ നൽകുന്നത്; വിശദമാക്കാമോ; | (ബി) | വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും, ഈ മേഖലയിലെ വിദഗ്ദ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്. 2 വർഷമാണ് രജിസ്ട്രേഷൻ കാലാവധി. കര, ജല, വ്യോമ മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഇ-രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ്. ഇ-രജിസ്ട്രേഷൻ രീതിയനുസരിച്ച് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ ആണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. ഇ-രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി അഡ്വഞ്ചർ ആക്ടിവിറ്റി പ്രൊവൈഡേഴ്സ് നടപ്പിൽ വരുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപ്പറയുന്നു. 1. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ യോഗ്യതയും അനുഭവ ജ്ഞാനവും 2. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം 3. പ്രഥമശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട അറിവ് 4. ആക്ടിവിറ്റികളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള റിസ്കിനെക്കുറിച്ച് പങ്കെടുക്കുന്നവരെ ബോധവാന്മാ രാക്കുന്നതിനുള്ള നടപടികൾ 5. തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നുമുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് 6. ആക്ടിവിറ്റി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/പാട്ട കരാർ 7. ഇൻഷ്വറൻസ് പരിരക്ഷ |
| (സി) | ഏതൊക്കെ സാഹസിക വിനോദങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച സുരക്ഷാചട്ടം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ള സാഹസിക വിനോദങ്ങൾ താഴെപറയുന്നു I. കര സാഹസിക ടൂറിസം ആക്ടിവിറ്റികൾ ട്രക്കിംഗ്, ഹൈകിംഗ്, നാചർ വാക്ക്, ബേർഡ് വാച്ചിംഗ്, സൈക്ലിംഗ് ടൂർസ്, റോക്ക് ക്ലൈമ്പിംഗ്, ആർട്ടിഫിഷ്യൽ വാൾ ക്ലൈമ്പിംഗ് , അബ്സീലിംഗ്, ആൾ ടെറൈൻ വെഹിക്കിൾ (എ.റ്റി.വി) ടൂർസ് ജീപ്പ് സഫാരി, 4X4 ഡ്രൈവിംഗ് സഫാരി II. ജല സാഹസിക ടൂറിസം ആക്ടിവിറ്റികൾ വാട്ടർ സ്പോട്സ് സെന്റർ ജനറൽ, ബോട്ട്സ് ആൻഡ് വാട്ടർസ്പോട്സ് റൈഡ്സ്, പാരാസെയിലിംഗ്, വാട്ടർസ്കീയിംഗ് ആന്റ് പവർ ബോട്ട് ഫൺ റൈഡ്സ്, ജെറ്റ് സ്കീ/പെഴ്സണൽ വാട്ടർ ക്രാഫ്റ്റ്, വിൻഡ് സർഫിംഗ്, ഡിൻഗി സെയിലിംഗ്, കയാക്കിംഗ് അൻഡ് കനോയിംഗ്, ബാംബൂ റാഫ്റ്റിംഗ് III. വ്യോമ സാഹസിക ടൂറിസം ആക്ടിവിറ്റികൾ പാരാഗ്ലൈഡിംഗ് ആൻഡ് ഹാങ്ങ് ഗ്ലൈഡിംഗ് സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ വരുത്തുന്നതിന് സാഹസിക പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ